സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മെയ് 23 ചൊവ്വ    ptnizar@rediffmail.com    9037319971    www.peoplesreview.co.in

PUBLISHED FROM KOZHIKODE    email: peoplesreviewdaily@gmail.com    Ph. 0495 2769086, 9037319971    P.B. NO. 15    വില: 2 രൂപ

# തുമ്പ കിൻഫ്ര പാർക്കിൽ വൻ തീപിടിത്തം

## തീയണയ്ക്കുന്നതിനിടെ ഫയർഫോഴ്സ് ജീവനക്കാരന് ദാരുണാന്ത്യം

തിരുവനന്തപുരം; തുമ്പ കിൻഫ്ര പാർക്കിൽ വൻതീപിടിത്തം. മെഡിക്കൽ സർവീസ് കോർപറേഷൻ സംഭരണ കേന്ദ്രത്തിനാണ് തീപിടിച്ചത്. തീപിടിത്തത്തിൽ ഫയർഫോഴ്സ് ജീവനക്കാരന് ദാരുണാന്ത്യം. തീ അണക്കാനുള്ള ശ്രമത്തിനിടെ, ചാക്ക ഫയർ ഫോഴ്സ് യൂണിറ്റിലെ ഫയർമാൻ ആറ്റിങ്ങൽ സ്വദേശി ജെ.എസ് രഞ്ജിത്ത് (32) മരിച്ചു.


കിൻഫ്രാപാർക്കിലുണ്ടായ തീപിടിത്തം അണയ്ക്കാൻ ശ്രമിക്കുന്ന ഫയർഫോഴ്സ് ജീവനക്കാർ

കെട്ടിടത്തിന്റെ ഒരു ഭാഗം ശരീരത്തിലേക്ക് വീണാണ് മരണം. രഞ്ജിത്തിനെ ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. കഴിഞ്ഞ ആറ് വർഷമായി ഫയർ സർവ്വീസിൽ ജീവനക്കാരനാണ് രഞ്ജിത്ത്. രഞ്ജിത്തിന്റെ കണ്ണുകൾ ദാനം ചെയ്തു. ഫയർ ഫോഴ്സ് ആസ്ഥാനത്തും ചാക്കാ യൂണിറ്റിലും രഞ്ജിത്തിന്റെ മൃതദേഹം പൊതുദർശനത്തിന് വെക്കും മെഡിക്കൽ സർവീസസ് കോർപറേഷൻ മരുന്ന് സംഭരണ കേന്ദ്രത്തിലാണ് പുലർച്ചെയോടെ തീപിടിത്തമുണ്ടായത്. കെമിക്കലുകൾ സൂക്ഷിച്ചിരുന്ന കെട്ടിടം പുലർച്ചെ 1.30 ഓടെ വലിയ ശബ്ദത്തോടെ പൊട്ടിത്തെറിക്കുകയായിരുന്നു. കെട്ടിടം പൂർണമായും കത്തി നശിച്ചു. സെക്യൂരിറ്റി മാത്രമേ തീപിടിച്ച സമയത്ത് സ്ഥലത്തുണ്ടായിരുന്നുള്ളൂ. അതേ സമയം തീപിടിത്തം ഉണ്ടായ മരുന്ന് സംഭരണ കേന്ദ്രം പ്രവർത്തിച്ച


മരണപ്പെട്ട ജെ.എസ് രഞ്ജിത്ത്

കെട്ടിടത്തിന് അംഗീകാരമില്ലെന്ന് ഫയർ ഫോഴ്സ് മേധാവി ബി. സന്ധ്യ പറഞ്ഞു. കൂടാതെ കെട്ടിടത്തിൽ തീയണയ്ക്കാനുള്ള സംവിധാനം ഉണ്ടായിരുന്നില്ല. ബ്ലീച്ചിങ് പൗഡറിൽ വെള്ളം കലർന്നാൽ തീപടിത്തം ഉണ്ടാകും ബ്ലീച്ചിങ് പൗഡറും ആൽക്കഹോളും കലർന്നാൽ തീപിടിത്തം ഉണ്ടാകും. സാനിറ്റൈസർ അടക്കമുള്ളവ കെട്ടിടത്തിൽ ഉണ്ടായിരുന്നു. ഈ സാഹചര്യത്തിൽ തീപടിത്തത്തിന്റെ കാരണം എന്താണെന്ന് വിശദമായ പരിശോധനയിൽ മാത്രമേ വ്യക്തമാകൂവെന്ന് അവർ പറഞ്ഞു. തീപിടിത്തം ഉണ്ടായ കെട്ടിടത്തിൽ ഇത്തരത്തിലുള്ള അടിമുടി വീഴ്ചയാണെന്നും അതിനാൽ, സംസ്ഥാനത്തെ എല്ലാ മരുന്ന് സംഭരണ ശാലകളിലും ഫയർ ഓഡിറ്റ് നടത്താൻ ബി. സന്ധ്യ നിർദേശം നൽകി.

നേരത്തേ തീ പിടിത്തമുണ്ടായ കൊല്ലം ഉളിയക്കോവിലെ മെഡിക്കൽ സർവീസ് കോർപറേഷന്റെ ഗോഡൗൺ പ്രവർത്തിച്ചിരുന്നതും ഫയർഫോഴ്സിന്റെ എൻ.ഒ.സി ഇല്ലാതെയാണെന്ന് ഇന്ന് രാവിലെ പുറത്തുവന്നിരുന്നു. കെട്ടിടത്തിന് പുറത്ത് അലക്ഷ്യമായി ബ്ലീച്ചിങ് പൗഡർ സൂക്ഷിച്ചിരുന്നതാണ് തീപിടിത്തത്തിന് കാരണമെന്നാണ് ഫയർഫോഴ്സ് കണ്ടെത്തിയത്. സംഭവത്തിൽ കൊല്ലം ഈസ്റ്റ് പോലിസിന്റെ അന്വേഷണം തുടരുകയാണെന്നും അവർ പറഞ്ഞു.

## തീപിടിത്തം നിർണായക രേഖകൾ നശിപ്പിക്കാനുള്ള തന്ത്രം: വി.ഡി സതീശൻ



തിരുവനന്തപുരം: കിൻഫ്ര പാർക്കിലെ മരുന്ന് സംഭരണശാല കെട്ടിടത്തിനുണ്ടായ തീപ്പിടിത്തത്തിൽ സർക്കാരിനെതിരേ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. കൊറോണ കാലത്ത് മരുന്ന് വാങ്ങിയ അഴിമതിയിൽ അന്വേഷണം നടക്കുന്നതിനിടെയാണ് മെഡിക്കൽ സർവീസ് കോർപറേഷനിൽ രണ്ടിടത്ത് തീപിടിത്തം ഉണ്ടായത്.

അതിനാലാണ് ന്വേഷണം അട്ടിമറിക്കാനുള്ള ശ്രമമാണ് ഇതിന് പിന്നിലെന്ന് സംശയിക്കുന്നത്. കൊല്ലത്തും തിരുവനന്തപുരത്തും തീപിടിത്തത്തിൽ ലക്ഷക്കണക്കിന് രൂപയുടെ മരുന്നാണ് കത്തിനശിച്ചത്.

രണ്ടിടത്തും ബ്ലീച്ചിംഗ് പൗഡറിൽ നിന്നാണ് തീ പടർന്നതെന്ന് പറയുന്നത് അവിശ്വസനീയമാണ്. ഇതിന് പിന്നിൽ അട്ടിമറി നടന്നിട്ടുണ്ട്. ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒന്നും തന്നെ അവിടെ ഉണ്ടായിരുന്നില്ല. തീപിടുത്തം എന്ന് പറയുന്നത് സർക്കാരിന്റെ സ്ഥിരം പരിപാടിയാണ് എന്ന് അദ്ദേഹം പറഞ്ഞു. സ്വർണ്ണക്കടത്ത്, റോഡിലെ ക്യാമറ വിവാദങ്ങൾക്ക് പിന്നാലെ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട സെഷനുകളിൽ തീപിടിത്തം നടന്നത് എങ്ങനെയാണ്. നിർണ്ണായക രേഖകൾ നശിപ്പിക്കാനുള്ള തന്ത്രമാണ് തീപിടിത്തത്തിന് പിന്നിൽ. ഈ വിഷയത്തിൽ ഗൗരവമേറിയ അന്വേഷണം ആവശ്യമാണെന്നും വി.ഡി.സതീശൻ പറഞ്ഞു.

## പീഡന പരാതിയിൽ വിചാരണ തടയണമെന്ന നടൻ ഉണ്ണിമുകുന്ദന്റെ ഹർജി തള്ളി

കൊച്ചി: പീഡന പരാതിയിൽ നടൻ ഉണ്ണി മുകുന്ദന് തിരിച്ചടി. പരാതിയിൽ കോടതി വിചാരണ തടയണമെന്ന നടന്റെ ഹർജി ഹൈക്കോടതി തള്ളുകയും വിചാരണ തുടരാമെന്ന് കോടതി നിർദേശിക്കുകയും ചെയ്തു. കേസ് ഒത്തുതീർപ്പാക്കിയതായി നേരത്തെ ഉണ്ണി മുകുന്ദന്റെ അഭിഭാഷകൻ സൈബി ജോസ് കോടതിയെ അറിയിച്ചിരുന്നു. എന്നാൽ ഇത് നിഷേധിച്ച് പരാതിക്കാരി പിന്നീട് രംഗത്തെത്തിയിരുന്നു. പരാതിക്കാരി തന്നെ ഒത്തുതീർപ്പിന് തയ്യാറല്ലെന്നും നേരത്തെ വ്യക്തമാക്കിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ കോടതി നടപടികൾ തുടരാമെന്നും സിംഗിൾ ബെഞ്ച് വ്യക്തമാക്കി. കേസ് റദ്ദാക്കേണ്ട സാഹചര്യമില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി.



തുടർന്നാണ് വിചാരണ നടപടികൾക്കുള്ള സ്റ്റേ നീക്കിയ ശേഷം വിചാരണ തുടരാൻ കോടതി നിർദേശം നൽകിയത്. 2017ലാണ് കേസിനാസ്പദമായ സംഭവം. സിനിമയുടെ കഥ പറയാൻ ക്ഷണിച്ചതിനെ തുടർന്ന് ഉണ്ണി മുകുന്ദന്റെ ഫ്ളാറ്റിലെത്തിയ തന്നെ പീഡിപ്പിക്കാൻ ശ്രമിച്ചെന്നായിരുന്നു കോട്ടയം സ്വദേശിയായ യുവതിയുടെ പരാതി. സംഭവം. സംഭവത്തിന് ശേഷം തന്നെ അപകീർത്തിപ്പെടുത്താനും ഭീഷണിപ്പെടുത്താനും നടൻ ശ്രമിക്കുന്നുവെന്നും പരാതിക്കാരി കോടതിയെ അറിയിച്ചിരുന്നു. തുടർന്ന് പരാതിക്കാരിയെയും രണ്ട് സാക്ഷികളെയും കോടതി വിസ്തരിച്ചു.2017 ഓഗസ്റ്റ് 23നാണ് സംഭവം നടന്നതെന്നാണ് യുവതിയുടെ പരാതി. 2017 സെപ്റ്റംബർ 15നാണ് യുവതി പരാതി നൽകിയത്. യുവതിക്കെതിരേ ഉണ്ണിമുകുന്ദനും പരാതി നൽകിയിട്ടുണ്ട്. യുവതി പറയുന്നത് നുണയാണെന്നും തന്നെ ഭീഷണിപ്പെടുത്തിയെന്നുമാണ് ഉണ്ണി മുകുന്ദന്റെ ആരോപണം. കേസിൽ കുടുക്കാതിരിക്കാൻ 25 ലക്ഷം രൂപ തരണമെന്ന് യുവതി ഭീഷണിപ്പെടുത്തിയെന്നാണ് നടന്റെ പരാതി. കേസിൽ ഉണ്ണി മുകുന്ദൻ ഇപ്പോൾ ജാമ്യത്തിലാണ്.

## സർക്കാർ അപേക്ഷകളിൽ ഇനി മുതൽ 'മാപ്പ്' വേണ്ട

തിരുവനന്തപുരം: സർക്കാർ അപേക്ഷകളിൽ ഇനി മുതൽ മാപ്പ്, മാപ്പപേക്ഷ, മാപ്പക്കണം എന്നീ പദങ്ങൾ ഉപയോഗിക്കേണ്ടായെന്ന് ഉത്തരവ്. സർക്കാർ ഓഫീസുകളിൽ അപേക്ഷ നൽകാൻ താമസിക്കുന്നതിനും മറ്റും മാപ്പും ക്ഷമയും പറഞ്ഞുകൊണ്ടുള്ള ഇത്തരം വാക്കുകൾ അപേക്ഷകളിൽ ഉപയോഗിക്കേണ്ടെന്നാണ് സർക്കാർ ഉത്തരവിൽ പറയുന്നത്. മാപ്പപേക്ഷയിലൂടെ, അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം ഗുരുതരമായ കുറ്റമായി എന്നാണ് പൊതുസമൂഹത്തിൽ അർഥമാക്കുന്നത്. അതുകൊണ്ട്, 'കാലതാമസം മാപ്പാക്കുന്നതിനു പകരം' 'കാലതാമസം പരിഗണിക്കാതെ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന്' എന്ന് ഉപയോഗിക്കാനാണ് നിർദേശിച്ചിട്ടുള്ളത്.

## പ്ലസ് വൺ പ്രവേശനത്തിന് ജൂൺ രണ്ടു മുതൽ അപേക്ഷിക്കാം

തിരുവനന്തപുരം: സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് ജൂൺ രണ്ട് മുതൽ അപേക്ഷിക്കാം. കഴിഞ്ഞ വർഷത്തേത് പോലെ അഞ്ച് ഘട്ടങ്ങളിലായി പ്രവേശന നടപടികൾ പൂർത്തീകരിക്കാനാണ് സർക്കാർ തലത്തിലെ ധാരണ. ജൂലൈ ആദ്യം ക്ലാസുകൾ ആരംഭിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എസ്.എസ്.എൽ.സി പരീക്ഷയിൽ റെക്കോർഡ് വിജയം കൈവരിച്ച ഈ വർഷം സംസ്ഥാനത്തെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനായി ഓരോ ജില്ലയിലും ആവശ്യാനുസരണം സീറ്റ് വർധിപ്പിച്ച് നൽകാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചു. ഇതനുസരിച്ച് പാലക്കാടു മുതൽ കാസർകോടു വരെയുള്ള വടക്കൻ ജില്ലകൾക്കാവും കൂടുതൽ സീറ്റുകൾ അനുവദിക്കുക.വിദ്യാഭ്യാസ ജില്ലയുടെ അടിസ്ഥാനത്തിൽ കണക്കെടുത്ത് സീറ്റുകൾ വർധിപ്പിക്കുന്നതാണ് പരിഗണനയിലുള്ളത്. അതിനായി വിദ്യാഭ്യാസ ജില്ലയനുസരിച്ച് ലഭ്യമായ സീറ്റുകളുടെയും അപേക്ഷകരുടെയും കണക്കെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ഒന്നാം അലോട്ട്മെന്റിന് ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുത്തേക്കും. കഴിഞ്ഞ അധ്യയന വർഷം അനുവദിച്ച 81 ബാച്ചുകളും നിലനിർത്താനാണ് തീരുമാനം. 4,17,864 ലക്ഷം കുട്ടികളാണ് എസ്.എസ്.എൽ.സി ജയിച്ചത്. സി.ബി.എസ്.ഇ ഉൾപ്പെടെയുള്ള ബോർഡുകളിൽ നിന്ന് 75,000 കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിന് കേരളത്തിൽ അപേക്ഷിക്കും. പ്ലസ് വൺ, ഐ.ടി.ഐ, പോളിടെക്ക്നിക്ക് ഉൾപ്പെടെ 4,65,000 ഓളം സീറ്റുകളാണ് ഉള്ളത്.

## വിഴിഞ്ഞം തുറമുഖം യാഥാർഥ്യത്തിലേക്ക്; ചൈനയിൽ നിന്നുള്ള ആദ്യ മദർഷിപ്പ് സെപ്റ്റംബറിൽ

തിരുവനന്തപുരം: കേരളത്തിന്റെ വികസനത്തിൽ നാഴികക്കല്ലായി മാറുന്ന വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യത്തിലേക്ക്. ചൈനയിൽ നിന്നുള്ള ക്രെയിനുകളുമായി സെപ്റ്റംബറിൽ ആദ്യ മദർഷിപ്പ് വിഴിഞ്ഞത്തെത്തും. പുലിമുട്ടിന്റെ നിർമാണം 2960 മീറ്റർ പൂർത്തിയായി. ശേഷിക്കുന്നത് 660 മീറ്റർ മാത്രം. മൺസൂൺ വെല്ലുവിളിയാണെങ്കിലും സെപ്റ്റംബറിൽ നിർമാണം പൂർത്തിയാകും. അടുത്തവർഷം സെപ്റ്റംബറോടെ വിഴിഞ്ഞം തുറമുഖം പൂർണതോതിൽ പ്രവർത്തന സജ്ജമാകും.ഭാവിയിൽ 4000 മീറ്റർ വരെ നീളും പുലിമുട്ട്. 800 മീറ്റർ ബെർത്തിന്റെ പയലിംഗ് പൂർത്തിയായി. ബാക്കിയുള്ള ബെർത്തിന്റെ സ്ലാബ് നിർമാണം ഘട്ടംഘട്ടമായി പൂർത്തിയാക്കും. ബെർത്തിന്റെ നീളം 2000 മീറ്ററാക്കും. തുറമുഖത്തിനകത്ത് മാത്രം ആദ്യഘട്ടത്തിൽ 650 പേർക്ക് നേരിട്ട് തൊഴിൽ അവസരം. നിർമാണം പൂർത്തിയാകുമ്പോൾ ഒരുലക്ഷം തൊഴിൽ അവസരങ്ങൾ. വിഴിഞ്ഞം തുറമുഖത്തിന്റെ ശേഷി വർധിപ്പിക്കുന്നതോടെ കൊളംബോ തുറമുഖം കൈകാര്യം ചെയ്തിരുന്ന നല്ലൊരു ഭാഗം ട്രാൻസ്ഷിപ്പ്മെന്റ് കാർഗോ വിഴിഞ്ഞത്തെത്തും. ടൂറിസം കേന്ദ്രമാക്കി വികസിപ്പിച്ച് ക്രൂസ് ടൂറിസം ഹബ്ബാക്കി വിഴഞ്ഞത്തെ മാറ്റാനാണ് തുറമുഖ വകുപ്പിന്റെ ആലോചന.

## കർണാടകയിൽ മന്ത്രിസ്ഥാനത്തിനായി സമ്മർദം ശക്തമാക്കി കോൺഗ്രസ് നേതാക്കൾ

ബംഗളൂരു: കർണാടകയിൽ മന്ത്രിസ്ഥാനത്തിനായി സമ്മർദം ശക്തമാക്കി കോൺഗ്രസ് നേതാക്കൾ. മുഖ്യമന്ത്രി സിദ്ധരാമയ്യയുടെ വീടിന് മുന്നിൽ കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധം സംഘടിപ്പിച്ചു. ജി.എസ് പാട്ടീലിനെ മന്ത്രിയാക്കണമെന്ന ആവശ്യം ഉന്നയിച്ചാണ് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധം സംഘടിപ്പിച്ചത്. സംസ്ഥാനത്ത് അഞ്ച് വർഷവും സിദ്ധരാമയ്യ മുഖ്യമന്ത്രിയായി ഭരിക്കുമെന്ന് മന്ത്രി എംബി പാട്ടീൽ പറഞ്ഞു. മുഖ്യമന്ത്രി പദവി കൈമാറ്റം രണ്ടര വർഷത്തിന് ശേഷം വേണോയെന്ന് തീരുമാനിക്കേണ്ടത് ഹൈക്കമാന്റാണ്. അങ്ങനെ ഒരു തീരുമാനവും ഹൈക്കമാന്റ് ഇതുവരെ പറഞ്ഞിട്ടില്ല. അതുകൊണ്ട് തന്നെ അഞ്ച് വർഷവും സിദ്ധരാമയ്യ തന്നെ സംസ്ഥാനത്ത് മുഖ്യമന്ത്രിയായി തുടരുമെന്ന് എംബി പാട്ടീൽ വ്യക്തമാക്കി. കർണാടകത്തിൽ സിദ്ധരാമയ്യ സർക്കാർ അധികാരമേറ്റതിന് ശേഷമുള്ള ആദ്യ നിയമസഭാ സമ്മേളനം ഇന്ന് തുടങ്ങി മൂന്ന് ദിവസത്തേക്കാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ സമ്മേളന കാലയളവിൽ തന്നെ സ്പീക്കറെയും തെരഞ്ഞെടുക്കും. ആർ.വി ദേശ്പാണ്ഡെ, യു.ടി ഖാദർ ,ടി.ബി ജയചന്ദ്ര, എച്ച്.കെ പാട്ടീൽ എന്നിവരെയാണ് സ്പീക്കർ സ്ഥാനത്തേക്ക് പരിഗണിക്കുന്നത്. ഈ ആഴ്ച തന്നെ മന്ത്രിസഭാ വികസനം ഉണ്ടാകുമെന്ന സൂചനയും കോൺഗ്രസ് ക്യാമ്പ് നൽകുന്നുണ്ട്. ശനിയാഴ്ച മുഖ്യമന്ത്രി സിദ്ധരാമയ്യയും ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാറും അടക്കം എട്ട് മന്ത്രിമാരാണ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്.


ജി.എസ് പാട്ടീലിനെ മന്ത്രിയാക്കണമെന്ന ആവശ്യം ഉന്നയിച്ച് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധിച്ചപ്പോൾ

## ലൈംഗികത്തൊഴിലാളികളെ തടങ്കലിൽ പാർപ്പിക്കാൻ കഴിയില്ല; മുംബൈ സെഷൻസ് കോടതി

ന്യൂഡൽഹി: ലൈംഗികത്തൊഴിൽ കുറ്റകരമല്ലെന്നും പൊതുസ്ഥലത്തുവച്ച് മറ്റുള്ളവർക്ക് ശല്യമുണ്ടാക്കുന്ന തരത്തിൽ ലൈംഗികത്തൊഴിലിൽ ഏർപ്പെടുന്നത് കുറ്റകരമാണെന്നും സെഷൻസ് കോടതി. മുൻകാല പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ലൈംഗികത്തൊഴിലാളികളെ തടങ്കലിൽ പാർപ്പിക്കാൻ കഴിയില്ലെന്നും അഡീഷണൽ സെഷൻസ് ജഡ്ജി വ്യക്തമാക്കി.

മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ് പ്രകാരം ഷെൽറ്റർ ഹോമിൽ തടങ്കലിൽ പാർപ്പിച്ചിരുന്ന 34 കാരിയായ വനിതാ ലൈംഗികത്തൊഴിലാളിയെ മോചിപ്പിക്കാൻ നിർദേശിച്ച് കൊണ്ടാണ് മുംബൈ സെഷൻസ് കോടതിയുടെ ഉത്തരവ്. അഡീഷണൽ സെഷൻസ് ജഡ്ജി സി.വി. പാട്ടീൽ ആണ് ഉത്തരവിറക്കിയത്.വനിതാ ലൈംഗികത്തൊഴിലാളിയെ ഷെൽറ്റർ ഹോമിൽ ഒരു വർഷം തടവിൽ വയ്ക്കാൻ മസ്ഗോൺ മജിസ്ട്രേറ്റ് കോടതിയാണ് ഉത്തരവിട്ടത്. ലൈംഗികത്തൊഴിലാളിയുടെ സുരക്ഷയും പുനരധിവാസവും കണക്കിലെടുത്ത് ആയിരുന്നു ഈ ഉത്തരവ് ഇറക്കിയത്.

ഈ ഉത്തരവ് ചോദ്യം ചെയ്താണ് ലൈംഗികത്തൊഴിലാളി സെഷൻസ് കോടതിയെ സമീപിച്ചത്. തടങ്കലിൽ പാർപ്പിക്കാനുള്ള ഉത്തരവ് ഭരണഘടനയുടെ 19-ാം അനുച്ഛേദത്തിന്റെ ലംഘനം ആണെന്നും സുപ്രീം കോടതി ഉത്തരവിന് എതിരാണെന്നും ചൂണ്ടിക്കാട്ടി ആയിരുന്നു ഹർജി. യുവതി പൊതുസ്ഥലത്തുവച്ച് മറ്റുള്ളവർക്ക് അസൗകര്യം ഉണ്ടാക്കുന്ന തരത്തിൽ ലൈംഗികത്തൊഴിലിൽ ഏർപ്പെട്ടു എന്ന പരാതിയില്ല. അതിനാൽ തന്നെ മുൻകാല പ്രവൃത്തികളുടെ പേരിൽ തടങ്കലിൽ പാർപ്പിക്കാൻ കഴിയില്ലെന്നും അഡീഷണൽ സെഷൻസ് ജഡ്ജി വിധിച്ചു. തടങ്കലിൽ കഴിയുന്ന യുവതിയെ ഉടൻ മോചിപ്പിക്കാനും സെഷൻസ് കോടതി വിധിച്ചു.

## കർണാടക നിയമസഭാ സ്പീക്കർ; മലയാളിയായ യു.ടി ഖാദറിന് സാധ്യത



ബംഗളൂരു: മലയാളിയായ യു.ടി ഖാദർ കർണാടക നിയമസഭാ സ്പീക്കറായേക്കും. ഹൈക്കമാൻഡിന്റെ അംഗീകാരം ലഭിച്ചതിന് പിന്നാലെ ഇന്ന് രാവിലെ ഖാദർ നാമനിർദേശപത്രിക സമർപ്പിക്കും. അപ്രതീക്ഷിതമായാണ് സ്പീക്കർ സ്ഥാനത്തേക്കുള്ള ഖാദറിന്റെ വരവ്. ആർ.വി ദേശ്പാണ്ഡെ, ടി.ബി. ജയചന്ദ്ര, എച്ച്.കെ. പാട്ടീൽ തുടങ്ങിയവരുടെ പേരുകളാണ് മുൻപ് സ്പീക്കർ സ്ഥാനത്തേക്ക് ഉയർന്നു കേട്ടിരുന്നത്. കഴിഞ്ഞ നിയമസഭയിലെ പ്രതിപക്ഷ ഉപനേതാവായിരുന്നു ഖാദർ. ദക്ഷിണ കന്നഡ ജില്ലയിലെ മംഗളൂരു മണ്ഡലത്തിൽനിന്നാണ് ഖാദർ നിയമസഭയിലെത്തിയത്. കർണാടക സ്പീക്കർ ആകുന്നതോടെ ഈ സ്ഥാനത്തെത്തുന്ന ആദ്യ ന്യൂനപക്ഷ സമുദായാംഗമെന്ന നേട്ടവും അദ്ദേഹത്തിന് സ്വന്തമാകും.ന്യൂനപക്ഷ സമുദായത്തിൽനിന്നുള്ള നേതാവിന് അവസരം നൽകുന്നു എന്ന സന്ദേശം കൂടിയാണ് ഖാദറിനെ സ്പീക്കറാക്കുന്നതിലൂടെ കോൺഗ്രസ് നൽകാൻ ഉദ്ദേശിക്കുന്നത്. ഇത് അഞ്ചാം തവണയാണ് ഖാദർ എം.എൽ.എ. ആകുന്നത്. അൻപത്തിമൂന്നുകാരനായ ഖാദർ, പിതാവ് കാസർകോട്ടുകാരനായ ഉപ്പള പള്ളത്തെ പരേതനായ യു.ടി. ഫരീദിന്റെ മകൻ എന്ന വിലാസത്തിലാണ് രാഷ്ട്രീയഗോദയിൽ ഇറങ്ങുന്നത്.

## മലിനജലം കുടിച്ച 25 ഒട്ടകങ്ങൾ ചത്തു; പരാതിയുമായി ഗ്രാമവാസികൾ

ഗുജറാത്ത്: മലിനജലം കുടിച്ചതിനെ തുടർന്ന് ഗുജറാത്തിലെ 25 ഒട്ടകങ്ങൾ ചത്ത നിലയിൽ. ബറൂച്ച് ജില്ലയിലെ കച്ചിപുര ഗ്രാമത്തിലാണ് സംഭവം. കനത്ത ചൂടിൽ നിന്ന് ഒട്ടകങ്ങൾക്ക് ആശ്വാസം നൽകാനാണ് ഗ്രാമവാസികൾ ഒട്ടകങ്ങളെ അഞ്ച് കിലോമീറ്റർ അകലെയുള്ള ചെഞ്ചൽ തടാകത്തിലെത്തിച്ചത്. ഒട്ടകങ്ങൾ യാത്രാമധ്യേ തന്നെ ചത്തു വീഴുകയായിരുന്നു. ഇപ്പോൾ സ്വകാര്യ വിതരണക്കാരിൽ നിന്നാണ് ഗ്രാമത്തിലേക്ക് വെള്ളം എത്തിക്കുന്നത്. എന്നാൽ കഴിഞ്ഞ കുറച്ച് നാളായി അതും മുടങ്ങിയതോടെ അവസ്ഥ കൂടുതൽ പരിതാപകരമായി. ഗ്രാമത്തിലേക്ക് കുടിവെള്ളം കൊണ്ടുവരുന്ന പൈപ്പ്ലൈനുകൾ പൊട്ടിയതാണ് പെട്ടെന്ന് കുടിവെള്ള ക്ഷാമം കൂടുതൽ രൂക്ഷമാക്കിയത്.

വളരെ കാലമായി അധികൃതരോട് കുടിവെള്ള ക്ഷാമത്തേക്കുറിച്ചും തങ്ങൾ അനുഭവിക്കുന്ന ദുരിതത്തെക്കുറിച്ചും പല ആവർത്തി പറഞ്ഞിട്ടും അധികൃതർ തിരിഞ്ഞു നോക്കുന്നില്ലെന്നാണ് ഗ്രാമവാസികളുടെ പരാതി.

രാസവ്യവസായസ്ഥാപനങ്ങളും മലിനീകരണത്തിന് കാരണമായതായി കണ്ടെത്താനായിട്ടില്ലെന്നാണ് ബറൂച്ചിലെ മലിനീകരണ നിരീക്ഷണ വിഭാഗത്തിന്റെ റീജിയണൽ ഓഫീസർ മാർഗി പട്ടേലിന്റെ വാദം. അതേ സമയം ഒട്ടകങ്ങൾ ചത്തതിന്റെ കാരണം മലിനജലം കുടിച്ചത് മൂലമാണെന്ന് സ്ഥിരീകരിക്കാറായിട്ടില്ലെന്ന് ബറൂച്ചിലെ ഗവ. വെറ്ററിനറി ഡോ. ഹർഷ് ഗോസ്വാമി അറിയിച്ചു.

## വാർഷിക സമ്മേളനത്തിൽ തയ്‌വാനെ തള്ളി ഡബ്ല്യു.എച്ച്.ഒ



ജനീവ: ലോകാരോഗ്യ സംഘടനയുടെ വാർഷിക സമ്മേളനത്തിൽ ചൈനയുടെ എതിർപ്പിനെ തുടർന്ന് തയ്‌വാനെ ക്ഷണിച്ചില്ല. 30 വരെ നടക്കുന്ന സമ്മേളനത്തിലേക്കാണ് തയ്‌വാന് ക്ഷണം ലഭിക്കാത്തത്.

ക്ഷണം ലഭിക്കാനായി തയ്‌വാന് മറ്റു രാജ്യങ്ങളുടെ പിന്തുണ നേടിയെങ്കിലും ചൈനയും പാക്കിസ്ഥാനും ശക്തമായി എതിർത്ത് തടയുകയായിരുന്നു. തയ്‌വാൻ പ്രത്യേക രാജ്യമല്ലെന്നും ചൈനയുടെ ഭാഗമായ ദ്വീപാണെന്നുമാണ് അവരുടെ അവകാശവാദം.തയ്‌വാനിലെ 2.3 കോടി ജനങ്ങളെ അപമാനിക്കുന്ന നടപടിയാണ് ലോകാരോഗ്യ സംഘടനയുടേതെന്ന് തയ്‌വാൻ പ്രതികരിച്ചു. ഇന്ത്യയെ പ്രതിനിധീകരിച്ച് ആരോഗ്യ മന്ത്രി മൻസുഖ് മാണ്ഡവ്യ പങ്കെടുത്തു.

## വർഗീയ വൈറസ് രാഷ്ട്രീയത്തെ മുഴുവൻ ബാധിക്കും: കപിൽ സിബൽ



ന്യൂഡൽഹി: കൊറോണ വൈറസ് മനുഷ്യ ശരീരത്തെ മാത്രമേ ബാധിക്കുകയുള്ളൂവെന്നും എന്നാൽ വർഗീയ വൈറസ് രാഷ്ട്രീയത്തെ മുഴുവൻ ബാധിക്കുന്നതെന്നും രാജ്യസഭാ എം.പി കപിൽ സിബൽ ട്വീറ്റ് ചെയ്തു. വർഗീയത കൊണ്ടുള്ള രാഷ്ട്രീയ ലാഭവിഹിതം താൽക്കാലികം മാത്രമാണെങ്കിലും അതിന്റെ മുറിവുകൾ ശാശ്വതമായിരിക്കും. കഴിഞ്ഞ ദിവസം മണിപ്പൂരിൽ വീണ്ടും കലാപം നടന്ന പശ്ചാത്തലത്തിലായിരുന്നു കപിൽ സിബലിന്റെ ട്വീറ്റ്. മണിപ്പൂർ വീണ്ടും കത്തുകയാണ്. ഇത് പടരുകയാണെങ്കിൽ അതിന്റെ പാർശ്വഫലങ്ങൾ ഭീകരമായിരിക്കും. വർഗീയ കലാപത്തിൽ ഉണ്ടാകുന്ന രാഷ്ട്രീയ ലാഭവിഹിതം താൽക്കാലികമായിരിക്കും. എന്നാൽ മുറിവുകൾ ശാശ്വതമായിരിക്കും അദ്ദേഹം പറഞ്ഞു. മണിപ്പൂരിൽ കഴിഞ്ഞ ദിവസം വീണ്ടും സംഘർഷം പൊട്ടിപ്പുറപ്പെട്ടതിന് പിന്നാലെ തലസ്ഥാനമായ ഇംഫാലിൽ സുരക്ഷാ സൈന്യത്തെ വിന്യസിച്ചിരുന്നു. തിങ്കളാഴ്ച ഉച്ചക്ക് ഇംഫാലിലെ ചെക്കോൺ പ്രദേശത്ത് മെയ്തി സമുദായവും കുകി സമുദായവും തമ്മിൽ ഏറ്റുമുട്ടുകയായിരുന്നു. പ്രാദേശിക മാർക്കറ്റിനെ ചൊല്ലിയുണ്ടായ തർക്കമാണ് സംഘർഷത്തിൽ കലാശിച്ചത്.

## രാഹുൽ ഗാന്ധിക്ക് വധഭീഷണി; പ്രതിയെ തിരിച്ചറിഞ്ഞു



ന്യൂഡൽഹി: കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരേ വധഭീഷണി മുഴക്കിയ പ്രതിയെ തിരിച്ചറിഞ്ഞു. യു.പിയിലെ കോൺഗ്രസ് മീഡിയ കൺവീനറിനാണ് ഫോണിലൂടെ രാഹുലിനെ വധിക്കുമെന്ന ഭീഷണി സന്ദേശം ലഭിച്ചത്. വധഭീഷണി മുഴക്കിയ കേസിൽ പ്രതിക്കെതിരേ കേസെടുത്തു. ഇൻഡോറിലെ മധുരപലഹാരക്കടക്ക് പുറത്ത് നിന്നാണ് ഭീഷണിക്കത്ത് കണ്ടെത്തിയത്. കഴിഞ്ഞ മാർച്ച് 25നായിരുന്നു ലല്ലൻ കുമാറിന്റെ ഫോണിൽ രാഹുലിനെ വധിക്കുമെന്ന ഭീഷണി സന്ദേശം ലഭിച്ചത്. രാഹുൽ ഗാന്ധിക്കെതിരേ വധഭീഷണി മുഴക്കിയ ആളെ തിരിച്ചറിഞ്ഞതായി ചിൻഹട്ട് പോലിസ് അറിയിച്ചു. ഗോരഖ്പുർ സ്വദേശി മാനോജ് റായ് എന്ന വ്യക്തിയാണ് ഭീഷണി മുഴക്കിയതെന്നാണ് പോലിസ് പറയുന്നത്. പ്രതിയെ ഉടൻ പിടികൂടുമെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും പോലിസ് വ്യക്തമാക്കി.

## കേരള ബ്ലാസ്റ്റേഴ്സിന്റെ സെലക്ഷൻ ട്രയൽ തടഞ്ഞ സംഭവം; മാപ്പ് പറഞ്ഞ് പി.വി ശ്രീനിജിൻ എം.എൽ.എ



കൊച്ചി: കേരള ബ്ലാസ്റ്റേഴ്സ് സെലക്ഷൻ ട്രയലിനെത്തിയ കുട്ടികളെ പ്രവേശിപ്പിക്കാതെ സ്റ്റേഡിയം പൂട്ടിയിട്ട സംഭവത്തിൽ മാപ്പ് പറഞ്ഞ് പി.വി ശ്രീനിജിൻ എം.എൽ.എ. എം.എൽ.എ വന്ന് ഗേറ്റ് പൂട്ടിയതല്ല. ഗേറ്റ് പൂട്ടി കിടന്നതാണ്. അനുമതി ഉണ്ടേൽ തുറന്ന് കൊടുക്കാറാണ് പതിവ്. എന്നാൽ, ട്രയൽസ് നടക്കുന്ന വിവരം ജില്ലാ സ്പോർട്സ് കൗൺസിലിനെ അറിയിച്ചിരുന്നില്ല.

അറിഞ്ഞിരുന്നുവെങ്കിൽ സ്റ്റേഡിയത്തിന്റെ ഗേറ്റ് പൂട്ടിയിടില്ലെന്നും പി.വി ശ്രീനിജിൻ മാധ്യമങ്ങളോട് പറഞ്ഞു. ഗേറ്റ് പൂട്ടിയിട്ട് സെലക്ഷൻ ട്രയലിനെത്തിയ വിദ്യാർഥികളെ റോഡരികിൽ ഇരുത്തിയ സംഭവത്തിൽ എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിൽ അധ്യക്ഷൻ കൂടിയായ പി.വി ശ്രീനിജിനെതിരേ വലിയ വിമർശനമാണ് ഉയരുന്നത്. ഇന്നലെ ശ്രീനിജിനെതിരേ നടപടി ആവശ്യപ്പെട്ട് സംസ്ഥാന സ്പോർട്സ് കൗൺസിൽ അധ്യക്ഷൻ യു.ഷറഫലി രംഗത്ത് വന്നെങ്കിലും ഗേറ്റ് തുറന്ന് കൊടുത്ത് സെലക്ഷൻ ട്രയൽ നടന്നതോടെ പ്രത്യക്ഷ ഏറ്റുമുട്ടലിലേക്ക് ഇനി കടക്കരുതെന്നാണ് കായിക വകുപ്പിന്റെ നിർദേശം. സംസ്ഥാന സ്പോർട്സ് കൗൺസിൽ മുൻ അധ്യക്ഷ മേഴ്സി കുട്ടൻ ശ്രീനിജിനെതിരേ രംഗത്ത് വന്നു. ബ്ലാസ്റ്റേഴ്സ് പേടിപ്പിച്ചാണ് കരാർ മാറ്റി എഴുതിച്ചതെന്ന് അവർ പറഞ്ഞു. എന്നാൽ, മുൻ അധ്യക്ഷയുടെ വാക്കുകൾക്കെതിരേ വക്കീൽ നോട്ടീസ് അയക്കുമെന്ന് ശ്രീനിജിൻ എം.എൽ.എ അറിയിച്ചു. കുട്ടികളുടെ 60 ലക്ഷം രൂപ എടുത്തുകൊണ്ട് പോയ ആളാണ് മേഴ്സി കുട്ടനെന്നും ശ്രീനിജിൻ ആരോപിച്ചു.

## ബഹിരാകാശത്തേക്ക് ആദ്യമായി അറബ് വനിത; ചരിത്രം കുറിച്ച് സൗദി



റയാന അൽ ബർനാവി

ജിദ്ദ: ആദ്യമായി അറബ് വനിതയെ ബഹിരാകാശത്തേക്ക് അയച്ച് ചരിത്രംകുറിച്ച് സൗദി അറേബ്യ. സ്തനാർബുദ ഗവേഷകയും സൗദി സ്വദേശിനിയുമായ റയാന അൽ ബർനാവി(33)യാണ് മറ്റ് മൂന്നുപേർക്കൊപ്പം യു.എസിലെ ഫ്ളോറിഡ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് (ഐ.എസ്.എസ്.) പോയത്.ഇന്ത്യൻസമയം തിങ്കളാഴ്ച പുലർച്ചെ 3.07ന് യാത്രതിരിച്ച സംഘം വൈകുന്നേരം 6.42-ന് ബഹിരാകാശ നിലയത്തിലെത്തി. സ്പേസ് എക്സിന്റെ ഫാൽക്കൺ 9 റോക്കറ്റിലായിരുന്നു വിക്ഷേപണം. ഇതോടെ ഒരേസമയം വനിത ഉൾപ്പെടെ രണ്ടുപേരെ നിലയത്തിൽ എത്തിക്കുന്ന രാജ്യങ്ങളുടെ പട്ടികയിലും സൗദി ഇടം പിടിച്ചു. യുദ്ധവിമാന പൈലറ്റും സൗദി പൗരനുമായ അലി അൽ ഖർനി, മുൻ നാസ ബഹിരാകാശസഞ്ചാരി പെഗ്ഗി വിറ്റ്സൺ, അമേരിക്കൻ സംരംഭകനും പൈലറ്റുമായ ജോൺ ഷോഫ്നർ എന്നിവരാണ് റയാനയുടെ സഹസഞ്ചാരികൾ.ന്യൂസീലൻഡിൽനിന്ന് ബയോമെഡിക്കൽ സയൻസിൽ ബിരുദവും സൗദിയിലെ അൽഫൈസൽ സർവകലാശാലയിൽനിന്ന് ബിരുദാനന്തരബിരുദവും നേടിയ റയാന ബർനാവി 10 വർഷമായി കാൻസർ സ്റ്റെംസെൽ റിസർച്ച് സെന്ററിൽ ഗവേഷകയാണ്. നാസ, സ്പേസ് എക്സ്, ആക്സിയം സ്പേസ്, സൗദി സ്പേസ് അതോറിറ്റി എന്നിവ സംയുക്തമായി സംഘടിപ്പിച്ച പ്രത്യേക ദൗത്യത്തിലാണ് സൗദി ബഹിരാകാശ സഞ്ചാരികൾ യാത്രയായത്. സൗദി അറേബ്യയുടെ രണ്ടാമത് ബഹിരാകാശദൗത്യമാണിത്. സുൽത്താൻ ബിൻ സൽമാൻ രാജകുമാരൻ ഏഴുദിവസത്തെ ദൗത്യത്തിനായി 1985 ജൂൺ 17-ന് ബഹിരാകാശത്ത് എത്തിയിരുന്നു.

## 'അട്ടിമറിസംഘം' അതിർത്തി കടന്നെത്തി ഭീകരപ്രവർത്തങ്ങൾ നടത്തുന്നതായി റഷ്യ

മോസ്കോ: യുക്രെയ്ൻ സൈന്യം രൂപം നൽകിയ 'അട്ടിമറിസംഘം' അതിർത്തി കടന്നെത്തി ഭീകരപ്രവർത്തനങ്ങൾ നടത്തുന്നതായി റഷ്യ ആരോപിച്ചു. രണ്ട് റഷ്യൻ പ്രദേശങ്ങൾ പിടിച്ചെടുത്തെന്ന് ഫ്രീഡം ഓഫ് റഷ്യ ലീജിയൻ. തെക്കുപടിഞ്ഞാറൻ മേഖലയിലെ ബെൽഗൊരോഡിൽ അതിർത്തി കടന്നെത്തി തങ്ങളുടെ പ്രദേശം ഇവർ പിടിച്ചെടുത്തതായാണ് റഷ്യയുടെ ആരോപണം.ഫ്രീഡം ഓഫ് റഷ്യ ലീജിയൻ എന്ന സേനയുമായി ബന്ധമില്ലെന്നും റഷ്യയുടെ ഏകാധിപത്യത്തിനെതിരേ പോരാടുന്ന അവിടത്തെ പൗരന്മാരാണ് അതിനു പിന്നിലെന്നും യുക്രെയ്ൻ വ്യക്തമാക്കി. വ്ളാഡിമിർ പുടിന്റെ നിയന്ത്രണത്തിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കാൻ ഉദ്ദേശിച്ചുള്ള സംഘടന യുക്രെയ്ൻ പക്ഷത്തുനിന്നാണ് പോരാടുന്നതെന്നും, ഈ സേനയെ ഉന്മൂലനം ചെയ്യുമെന്നും റഷ്യ പ്രഖ്യാപിച്ചിട്ടുണ്ട്. റഷ്യൻ, ബെലാറസ് സൈന്യങ്ങളിൽ നിന്ന് പുറത്തുവന്നവർ 2022 മാർച്ചിൽ രൂപീകരിച്ച ഈ സേനയെ റഷ്യൻ സുപ്രീംകോടതി ഭീകരസംഘടനയായി പ്രഖ്യാപിച്ചിരുന്നു. യുക്രെയ്നിലെ ബഹ്മുത് നഗരം പൂർണമായും നിയന്ത്രണത്തിലാക്കിയെന്നും ജൂൺ ഒന്നിന് സൈന്യത്തിനു കൈമാറുമെന്നും റഷ്യൻ കൂലിപ്പട്ടാളമായ വാഗ്നർ ഗ്രൂപ്പിന്റെ തലവൻ യവ്ജനി പ്രിഗോസിൻ പറഞ്ഞു. എന്നാൽ, പ്രിഗോസിന്റെ അവകാശവാദം യുക്രെയ്ൻ സേന തള്ളി.

## സെക്രട്ടേറിയറ്റ് ധർണ നാളെ


കോഴിക്കോട്: കേരള ബിൽഡിംഗ് ഓണേഴ്സ് വെൽഫെയർ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കെട്ടിട, വീട്ടുടമസ്ഥരുടെ സെക്രട്ടേറിയറ്റ് ധർണ നാളെ(24ന്) രാവിലെ 11 മണിക്ക് നടക്കും. കെട്ടിട,വീട് നികുതി-അനിയന്ത്രിത വർധനവ് പിൻവലിക്കുക, പെർമിറ്റ് അപേക്ഷാ ഫീസ്-ക്രമാതീത വർധനവ് പിൻവലിക്കുക, മാതൃകാ വാടക പരിഷ്കരണ ബിൽ ഉടൻ നടപ്പിലാക്കുക എന്നിവയാണ് ആവശ്യങ്ങൾ. ധർണ കെ.മുരളീധരൻ എം.പി ഉദ്ഘാടനം ചെയ്യും.



മിസോറിയിലെ വൈറ്റ്മാൻ വ്യോമസേനാ താവളത്തിന്റെ ഫെയ്സ്ബുക് പേജിൽ പ്രസിദ്ധീകരിച്ച ജിബിയു 57 എന്ന ബോംബിന്റെ ചിത്രം

## 'അന്താരാഷ്ട്ര വേദികളിൽ ഇന്ത്യയ്ക്ക് പിന്നിൽ അണിനിരക്കും': ജെയിംസ് മറാപെ

പോർട്ട് മോറെസ്ബൈ: അന്താരാഷ്ട്ര വേദികളിൽ ഇന്ത്യയുടെ നേതൃത്വത്തിന് പിന്നിൽ അണിനിരക്കുമെന്ന് പാപ്പുവ ന്യൂഗിനി പ്രധാനമന്ത്രി ജെയിംസ് മറാപെ. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഗ്ലോബൽ സൗത്ത് ലീഡർ എന്ന നിലയ്ക്കാണ് പസഫിക് ദ്വീപ് രാഷ്ട്രങ്ങൾ പരിഗണിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മൂന്നാമത് ഇന്ത്യ-പസഫിക് ഐലൻഡ്സ് കോ-ഓപ്പറേഷൻ (എഫ്.ഐ.പി.ഐ.സി.) ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പസഫിക് ദ്വീപ് രാഷ്ട്രങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കുറിച്ച് പറയവേ ആയിരുന്നു ജെയിംസ് മറാപെയുടെ പ്രതികരണം.



ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയോടൊപ്പം പാപ്പുവ ന്യൂഗിനി പ്രധാനമന്ത്രി ജെയിംസ് മറാപെ

തങ്ങൾ രാജ്യാന്തര കിടമത്സരത്തിന്റെ ഇരകളാണെന്നും, മോദി ഗ്ലോബൽ സൗത്തിന്റെ നേതാവാണെന്നും അന്താരാഷ്ട്ര വേദികളിൽ തങ്ങൾ ഇന്ത്യക്കു പിന്നിൽ അണിനിരക്കുമെന്നും അദ്ദേഹം പറഞ്ഞു. റഷ്യ-യുക്രൈൻ യുദ്ധം പസഫിക് ദ്വീപ് രാഷ്ട്രങ്ങളിൽ പണപ്പെരുപ്പത്തിന് വഴിവെക്കുന്നെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജി 7, ജി 20 പോലുള്ള അന്താരാഷ്ട്രവേദികളിൽ ചെറു ദ്വീപ് രാഷ്ട്രങ്ങൾക്കു വേണ്ടി സജീവശബ്ദമാകാനും അദ്ദേഹം മോദിയോട് അഭ്യർഥിച്ചു. എഫ്.ഐ.പി.ഐ.സി. ഉച്ചകോടിയിൽ പങ്കെടുക്കാൻ ഞായറാഴ്ചയാണ് മോദി പാപ്പുവ ന്യൂഗിനിയിൽ എത്തിയത്. വിമാനം ഇറങ്ങിയ മോദിയുടെ കാൽ തൊട്ട് ജെയിംസ് മറാപെ വന്ദിച്ചിരുന്നു.

## 'മാസീവ് ഓർഡനൻസ് പെനട്രേറ്റർ' ബോംബുമായി യു.എസ്

വാഷിങ്ടൻ: ഇറാന്റെ ഭൂഗർഭ ആണവ കേന്ദ്രങ്ങൾ തകർക്കാൻ ശേഷിയുള്ള ബോംബിന്റെ ചിത്രം യുഎസ് വ്യോമസേന പ്രസിദ്ധീകരിച്ചു. 'മാസീവ് ഓർഡനൻസ് പെനട്രേറ്റർ' എന്നറിയപ്പെടുന്ന ജിബിയു 57 എന്ന ബോംബിന്റെ ചിത്രമാണ് യു.എസ് വ്യോമസേന പുറത്തുവിട്ടത്. മിസോറിയിലെ വൈറ്റ്മാൻ വ്യോമസേനാ താവളത്തിന്റെ ഫെയ്സ്ബുക് പേജിലാണ് ബോംബിന്റെ ചിത്രം പ്രസിദ്ധീകരിച്ചത്. എന്നാൽ, ആയുധത്തിന്റെ ഘടന ഉൾപ്പെടെയുള്ള വിവരങ്ങൾ അടങ്ങിയ ഈ ചിത്രം പിന്നീട് നീക്കം ചെയ്തു. യു.എസിന്റെ ആയുധങ്ങളെ മറികടക്കാൻ ശേഷിയുള്ള ഭൂഗർഭ ആണവകേന്ദ്രം ഇറാൻ നിർമിക്കുന്നെന്ന വാർത്തകൾ വന്നതിനു പിന്നാലെയാണ് യു.എസ് ബോംബിന്റെ ചിത്രം പ്രസിദ്ധീകരിച്ചത്. ജിബിയു 57 വിന്യസിക്കാൻ ശേഷിയുള്ള ബി2 സ്റ്റെൽത്ത് ബോംബർ വിമാനങ്ങളുടെ ആസ്ഥാനമാണ് ഈ വ്യോമത്താവളം. ഇറാനുമായുള്ള പിരിമുറുക്കം വർധിച്ചുനിന്ന 2019ലും യു.എസ് ഇത്തരത്തിൽ ബോംബുകളുടെ ചിത്രം പുറത്തുവിട്ടിരുന്നു.

## കാലാവസ്ഥാ വ്യതിയാനം: മരിച്ചവരുടെ എണ്ണം വെളിപ്പെടുത്തി യു.എൻ ഏജൻസി

ന്യൂഡൽഹി: കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ പ്രകൃതി ദുരന്തങ്ങളിൽ 50 വർഷത്തിനിടെ ഇന്ത്യയിൽ 1.3 ലക്ഷം പേർ മരിച്ചെന്ന് യു.എൻ ഏജൻസി വെളിപ്പെടുത്തി. 1970 മുതൽ 2021 വരെയുണ്ടായ 573 പ്രകൃതി ദുരന്തങ്ങളിലായി ഇന്ത്യയിലാകെ 1,38,377 പേർ കൊല്ലപ്പെട്ടെന്നാണ് കണക്ക്. ലോകത്താകെ, ഇക്കാലയളവിൽ രേഖപ്പെടുത്തിയ 11,778 ദുരന്തങ്ങളിലായി 20 ലക്ഷം പേരാണ് കൊല്ലപ്പെട്ടത്. 90% മരണങ്ങളും വികസ്വര രാജ്യങ്ങളിലാണ് സംഭവിച്ചത്. ദുരന്തങ്ങൾ ആകെയുണ്ടാക്കിയത് 4.3 ലക്ഷം കോടി ഡോളറിന്റെ നഷ്ടം.സാമ്പത്തിക നഷ്ടം വലിയ തോതിൽ വർധിച്ചെങ്കിലും മെച്ചപ്പെട്ട കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങൾ മൂലം മരണനിരക്കിൽ ഗണ്യമായ കുറവുണ്ടായതായും യു.എൻ ഏജൻസി വ്യക്തമാക്കി.



സിവിൽ സർവീസ് പരീക്ഷയിൽ ആറാം റാങ്ക് നേടിയ ഗഹന നവ്യ ജയിംസിന് പിതാവ് സി.കെ ജയിംസ് മധുരം നൽകുന്നു

# സിവിൽ സർവീസ് ഫലം പ്രഖ്യാപിച്ചു; റാങ്ക് പട്ടികയിൽ ഇടംനേടി മലയാളികളും

ന്യൂഡൽഹി: 2022-ലെ സിവിൽ സർവീസസ് പരീക്ഷാഫലം പ്രഖ്യാപിച്ചു. ഇഷിതാ കിഷോറിനാണ് ഒന്നാം റാങ്ക്. ഗരിമ ലോഹ്യ, ഉമാ ഹരതി എൻ, സ്മൃതി മിശ്ര എന്നിവരാണ് തൊട്ടുപിന്നിലുള്ളവർ. ആദ്യ പത്തു റാങ്കുകളിൽ ഏഴും പെൺകുട്ടികളാണ് സ്വന്തമാക്കിയത്. മലയാളിയായ ഗഹന നവ്യ ജെയിംസ് ആറാം റാങ്ക് നേടി ആദ്യ പത്തിൽ ഇടംനേടി. ആര്യ വി.എം (36ാം റാങ്ക്), എസ്. ഗൗതം രാജ് (63ാം റാങ്ക്), എന്നിവരാണ് ആദ്യ നൂറിൽ ഇടംനേടിയ മറ്റു മലയാളികൾ. പാലാ മുത്തോലി സ്വദേശിയാണ് ഗഹന നവ്യാ ജയിംസ്. പാലാ സെന്റ് തോമസ് കോളേജ് അധ്യാപകൻ ജയിംസ് തോമസിന്റെയും അധ്യാപിക ദീപാ ജോർജിന്റെയും മകളാണ്. ഇപ്പോൾ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പി.എച്ച്.ഡി വിദ്യാർഥിനിയാണ്. തിരുവനന്തപുരം ബാലരാമപുരം സ്വദേശിയാണ് ആര്യ വി.എം. ആര്യയുടെ രണ്ടാമത്തെ ശ്രമത്തിലാണ് നേട്ടം കരസ്ഥമാക്കിയത്. നിലവിൽ ഗസ്റ്റ് അധ്യാപികയായി ജോലിനോക്കുകയാണ് ആര്യ.



ഇഷിതാ കിഷോർ

# ദമാം നവോദയ കേരള മീറ്റ് സംഘടിപ്പിച്ചു

കോഴിക്കോട്: സൗദി കിഴക്കൻ പ്രവിശ്യയിൽ സാമൂഹ്യ ക്ഷേമ ജീവകാരുണ്യ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനയായ നവോദയ സാംസ്കാരിക വേദിയിൽ നിന്ന് കാലങ്ങളായി നാട്ടിൽ തിരിച്ചെത്തിയവരും അവധിക്കെത്തിയവരുമായ അംഗങ്ങളുടെ ഒത്തുചേരൽ കോഴിക്കോട് നടന്നു. 20ന് രാവിലെ ഗവ.പോളി ടെക്നിക്കിൽ നടന്ന 'നവോദയ കേരള മീറ്റ് 2023' മേയർ ബീന ഫിലിപ് ഉദ്ഘാടനം ചെയ്തു. നവോദയ മുൻ മുഖ്യ രക്ഷാധികാരിയും പ്രവാസി ക്ഷേമനിധി ഡയരക്ടറുമായ ജോർജ് വർഗീസ് അധ്യക്ഷത വഹിച്ചു. നിധീഷ് മുത്തമ്പലം സ്വാഗതവും സലിം മണാട്ട് നന്ദിയും പറഞ്ഞു. കഥാകൃത്ത് ഷിഹാബുദ്ദീൻ പൊയ്ത്തുംകടവ് കേരള പ്രവാസി സംഘം കോഴിക്കോട് ജില്ലാ സെക്രട്ടറി സി.വി ഇഖ്ബാൽ, പ്രസിഡന്റ് കെ. സജീവ് കുമാർ, നവോദയ മുൻ രക്ഷാധികാരി ഇ.എം കബീർ, രക്ഷാധികാരി പ്രദീപ്. കൊട്ടിയം, ഡോ. ദീപ വിവേക്, പ്രഭാകരൻ കണ്ണൂർ, എം.എം മുസ്തഫ, സുരേഷ് പരുമല, കൗൺസിലർ ഹസീന എന്നിവർ അഭിവാദ്യം ചെയ്തു. പ്രവാസി സമൂഹത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ചു ഇറാം ഗ്രൂപ്പ് ചെയർമാൻ ഡോ. സിദ്ദിഖ് അഹമ്മദ്, മുൻ നവോദയ അംഗങ്ങളായ എം ബഷീർ, നിഷാന്ത് കൊടമന, ചിത്രകാരന്മാരായ മനോജ് ആവണി, ദേവൻ പട്ടാമ്പി, നടൻ നാസർ ചെമ്മാട്ട് എന്നിവരെ ആദരിച്ചു. സന്തോഷ് തുവ്വൂർ, പവിത്രൻ കണ്ണൂർ എന്നിവരുടെ നേതൃത്വത്തിൽ അരങ്ങേറിയ ലൈവ് ഓർക്കസ്ട്രയിൽ പ്രവാസി ഗായകരായ ഷംസുദീൻ കോഴിക്കോട്, നിഷാന്ത് കൊടമന, സൈനബ സലിം, ചന്ദ്രലേഖ സന്തോഷ്, സദൻ കണ്ണൂർ, അജികുമാർ കല്ലട, റീജ അൻവർ, ശ്യാം കോഴിക്കോട്, സുബ്രഹ്മണ്യൻ, മോഹനൻ കോഴിക്കോട്, ഷാജി നിലമ്പൂർ,നാസർ ചെമ്മാട്ട്, അൽ അഫാൻ എന്നിവർ ഗാനങ്ങൾ ആലപിച്ചു.



'നവോദയ കേരള മീറ്റ് 2023' മേയർ ബീന ഫിലിപ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

# ശ്രദ്ധേയമായി 'ജലമർമ്മരം' ചിത്രപ്രദർശനം

മാഹി: എം.വി.ദേവൻ ആർട്ട് ഗാലറിയിൽ നടക്കുന്ന കേരളത്തിലുടനീളമുള്ള 21 പ്രശസ്ത ചിത്രകാരന്മാർ അണിനിരന്ന ജലമർമ്മരം ചിത്ര പ്രദർശനം പ്രകൃതി സ്നേഹികളേയും, കലാസ്വാദകരേയും ഏറെ ആകർഷിക്കുകയാണ്.നോവുകൾക്കും ആനന്ദത്തിനുമിടയിലൂടെയുള്ള ഒരു യാത്രാനുഭവമാണ് ആത്മാവിന്റെ നിറങ്ങളുടെ ഉൾത്തുടിപ്പാർന്ന ഈ പ്രദർശനം പ്രദാനം ചെയ്യുന്നത് .നൻമയുടെ കൊടുമുടികളും, സ്നേഹത്തിന്റെ പച്ചപ്പുൽപ്പാടുകളും, പ്രണയത്തിന്റെ മഴവില്ലുകളുമാണ് പ്രശാന്ത് ഒളവിലത്തിന്റേയും, പ്രഭ കുമാർ ഒഞ്ചിയത്തിന്റേയും, നിഷാ ഭാസ്ക്കറിന്റേയും നിറങ്ങൾക്ക് ആശയ വ്യക്തത പകരുന്നത്. ആത്മാർത്ഥതയുടേയും, കരുതലിന്റേയും തെളിനീർ പ്പുഴകൾ സതീ ശങ്കറിന്റേയും, സുഷാന്ത് കൊല്ലറക്കലിന്റേയും, വത്സൻ പിലാവുള്ളതിന്റേയും ക്യാൻവാസുകളിലൂടെ ഒഴുകുന്നു. സൗഹൃദത്തിന്റെ പൂന്തോപ്പുകൾ വിരിയിക്കുകയാണ് ഗംഗൻ ചെമ്മരത്തൂരും പി.പി. ചിത്രയും. ബിജു സെൻ, രഗിഷ കുറ്റിപ്പുറത്തും. സുധീഷ് പൂക്കോം, രാജീവ് ചാം, ഡോ.ലാൽ രഞ്ജിത്ത്, എം.പി രവീണ, രജിന രാധാകൃഷ്ണൻ, ഗുരു ആലക്കോട്, ബബറ്റോ ബാബു, കെ.ടി സുബാഷ്, രാജേന്ദ്രൻ ചൊക്ലി, ജ്യോതി ചന്ദ്രൻ , രവീന്ദ്രൻ മൊറാഴ എന്നിവരുടെ രചനകളും നഷ്ടവസന്തങ്ങളുടെ നിറവാർന്ന ജീവൽ സ്പന്ദനങ്ങളായി. ഋതു ഭേദങ്ങൾ മഴവില്ലുകളായി ഉൾച്ചേർന്ന 21 ചിത്രമെഴുത്തുകാരുടെ സമ്മോഹന ങ്ങളായ വരകളുടേയും വർണ്ണങ്ങളുടേയും മാസ്മരികമായ ഒരു ചിന്താലോകത്തേക്ക് ജലമർമ്മരം നമ്മെ കൊണ്ടെത്തിക്കുന്നു. പ്രദർശനം 28 ന് സമാപിക്കും.



എം.വി.ദേവൻ ആർട്ട് ഗാലറിയിൽ നടക്കുന്ന 'ജലമർമ്മരം' ചിത്രപ്രദർശനം നോക്കിക്കാണുന്ന എം.മുകുന്ദൻ



മർകസ് നോളജ് സിറ്റിയിൽ ഹബീബ് ഉമർ ഹഫീള് എത്തിയപ്പോൾ

# ജാമിഉൽ ഫുതൂഹിൽ ആത്മീയ അനുഭൂതി പകർന്ന് ഹബീബ് ഉമർ ഹഫീള്

നോളജ് സിറ്റി: മർകസ് നോളജ് സിറ്റിയിലെ ജാമിഉൽ ഫുതൂഹിലെ ഹള്റതുൽ ഫുതൂഹിനെത്തിയ വിശ്വാസികൾക്ക് ആത്മീയ അനുഭൂതി പകർന്ന് വിശ്വപ്രസിദ്ധ ഇസ്ലാമിക പണ്ഡിതൻ ഹബീബ് ഉമർ ഹഫീള്. നേരത്തെ, ജാമിഉൽ ഫുതൂഹ് സമർപ്പണത്തിനെത്തിയ ഉമർ ഹഫീള് ഇടവേളക്ക് ശേഷം വീണ്ടും നോളജ് സിറ്റിയിലെത്തിയപ്പോൾ ഹൃദ്യമായ വരവേൽപ്പാണ് ലഭിച്ചത്. മഗ്‌രിബ് നിസ്കാരാനന്തരം ജാമിഉൽ ഫുതൂഹിൽ നടന്ന ഹള്റതുൽ ഫുതൂഹ് ആത്മീയ മജ്‌ലിസിനും സി.എം വലിയുല്ലാഹി ഉറൂസിനും അദ്ദേഹം നേതൃത്വം നൽകി.

ഇത്തവണ ഹജ്ജിന് പുറപ്പെടുന്നവർക്കുള്ള യാത്രയയപ്പും പ്രത്യേക പ്രാർഥനയും സംഗമത്തിന്റെ അനുബന്ധമായി നടന്നു. ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ, സയ്യിദ് അലി ബാഫഖി തങ്ങൾ, ഹബീബ് സാലിം ബിൻ ഹബീബ് ഉമർ ഹഫീസ്, അബ്ദുർറസാഖ് കോലാലംപൂരി, പേരോട് അബ്ദുർറഹ്മാൻ സഖാഫി, മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയരക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി, അൽ ഹാജ് ശാഹിദ് ശൈഖ് മുംബൈ, മുഹ്സിൻ ഖാൻ മുംബൈ തുടങ്ങിയവർ പങ്കെടുത്തു.

# രക്തദാന ക്യാംപ് സംഘടിപ്പിച്ചു

തലശ്ശേരി: വ്യാപാരി വ്യവസായി സമിതി സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് വ്യാപാരി വ്യവസായി സമിതി തലശ്ശേരി മുൻസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ രക്തദാന ക്യാംപ് സംഘടിപ്പിച്ചു. തലശ്ശേരി ഗവൺമെന്റ് ആശുപത്രി ബ്ലഡ് ബാങ്ക് പരിസരത്ത് നടന്ന ക്യാംപ നഗരസഭാ ചെയർപേഴ്സൺ കെ.എം ജമുന റാണി ഉദ്ഘാടനം ചെയ്തു.

പ്രസിഡന്റ് പി.സി ഇല്യാസ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കെ.കെ സഹദേവൻ, ഏരിയ സെക്രട്ടറി നൗഫൽ സി.പി.എം, നഗരസഭ കൗൺസിലർ ടി.സി അബ്ദുൾഖിലാബ്, പി.പി മൊയ്തു (തലശ്ശേരി മേഖല സെക്രട്ടറി), ടി.സി ഇസ്മയിൽ, ട്രഷറർ റഫീക്ക് കാത്താണ്ടി സംസാരിച്ചു.



വ്യാപാരി വ്യവസായി സമിതി തലശ്ശേരി മുനിസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച രക്തദാന ക്യാംപിൽ നിന്ന്

# സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടന്നു

കൊല്ലം: അരീക്കൽ ആയുർവേദ ഹോസ്പിറ്റലും പെരുമൺ ദേവീക്ഷേത്ര ഭരണ സമിതിയും സംയുക്തമായി സംഘടിപ്പിക്കുന്ന സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് 21 രാവിലെ 10മണി മുതൽ ഒരുമണി വരെ പെരുമൺ ക്ഷേത്ര അങ്കണത്തിൽ വച്ച് നടന്നു . അരീക്കൽ ഹോസ്പിറ്റൽ എം. ഡി ഡോ. സ്മിത്ത് കുമാർ ക്യാമ്പ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ദേവസ്വം പ്രസിഡന്റ് ഒ.സുമേഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് ബി. ഓമനക്കുട്ടൻപിള്ള സ്വാഗതം പറഞ്ഞു. ദേവസ്വം ട്രഷറർ എം. ഗിരീഷ് ബാബു ഡോ. സ്മിത്ത് കുമാറിനെ ആദരിച്ചു. ദേവസ്വം കമ്മറ്റി അംഗം ബിജുകുമാർ അമ്പിളിക്കല, അനിൽകുമാർ സി. പി, സുദർശനൻ, അനിൽകുമാർ. കെ, വനിതാ അംഗങ്ങളായ പ്രീത, അപ്സര, മിനി, ശശികല ലളിത തുടങ്ങിയവർ ആശംസകൾ നേർന്നു. ക്യാമ്പിൽ നൂറോളം അംഗങ്ങൾ പങ്കെടുത്തു. ചടങ്ങിൽ ജോയിന്റ് സെക്രട്ടറി അഭിലാഷ് നന്ദി പറഞ്ഞു.

# 'മെയ് ഫ്ളവർ' ചിത്രകലാ ക്യാംപ് നടത്തി

തലശ്ശേരി: പ്രശസ്ത ചിത്രകാരൻ കെ.കെ സനിൽകുമാറിന്റെ ചുണ്ടങ്ങാപൊയിലിലെ 'പഞ്ചവർണ്ണ' ത്തിൽ നടത്തിയ ഏകദിന വനിത ചിത്രകലാ ക്യാംപ് 'മെയ് ഫ്ളവർ' ശ്രദ്ധേയമായി. പ്രമുഖ ചിത്രകാരി സതി ശങ്കറിന് ആദ്യ ക്യാൻവാസ് നൽകിക്കൊണ്ട് പ്രശസ്ത ചിത്രകാരൻ പൊന്ന്യം ചന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. വർത്തമാന കാലഘട്ടത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന വേദനകൾ ചില ക്യാൻവാസുകളിൽ പ്രതിഫലിച്ചപ്പോൾ പ്രകൃതിയുടെ അമൂർത്ത ദൃശ്യങ്ങളിലൂടെയും മറ്റു ചിലർ സഞ്ചരിച്ചു. പുരാണേതിഹാസങ്ങളിലെ പ്രകൃതിരമണീയതയുടെ ക്ലാസിക് കാഴ്ചകളും ക്യാൻവാസുകളിൽ ഇടം പിടിച്ചു. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നിന്നായി പതിനൊന്ന് കലാകാരികളാണ് 'മെയ് ഫ്ളവറിൽ ' നിറച്ചാർത്തേകിയത്. ഫാത്തിമത്തുൽ സുഹ്റ തബ്രിസ് , ടി.ദിവ്യ, വി.ശ്രീലക്ഷ്മി, സ്വാതി മോഹൻ, സതി ശങ്കർ, ടി.ഇ സഫ്രജാൻ, എം.പി ജെസ്സി, ശ്രുതി വിനോദ്, ആർ.ലക്ഷ്മി ഗായത്രി തുടങ്ങിയവരോടൊപ്പം കൊച്ചുകലാപ്രതിഭകളായ വി.പി അയൂഖ, അൻമിയ സജേഷ് എന്നിവരും ചിത്രങ്ങളൊരുക്കി. പ്രശസ്ത ചിത്രകാരന്മാരായ കെ.എം ശിവകൃഷ്ണൻ, കെ.കെ ശശികുമാർ എന്നിവർ ക്യാംപ് സന്ദർശിച്ചു. ചിത്രകാരികളായ പ്രദോഷിണി പൊന്ന്യം, ഷൈനി പൊന്ന്യം എന്നിവർ നേതൃത്വം നൽകി.




എസ്.എസ്.എഫ് കോഴിക്കോട് ജില്ലാ കമ്മിറ്റി മുക്കത്ത് സംഘടിപ്പിച്ച അനലൈസ ക്യാമ്പിൽനിന്ന്

# വിജയ ശതമാനത്തിന് ആനുപാതികമായി തുടർ പഠന അവസരങ്ങൾ വർധിപ്പിക്കുക: എസ്.എസ്.എഫ്

കോഴിക്കോട്: എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത പഠനത്തിന് യോഗ്യത നേടിയ വിദ്യാർഥികൾക്കെല്ലാം തുടർപഠനത്തിന് അവസരമൊരുക്കണമെന്ന് എസ്.എസ്.എഫ്. വിജയികളുടെ എണ്ണത്തിന് ആനുപാതികമായി സീറ്റുകൾ അനുവദിക്കണമെന്നും പ്രാദേശിക വേർതിരിവുകൾ ഇല്ലാതെ കുട്ടികളുടെ ഭാവി മാത്രം മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനമാണ് നടക്കേണ്ടതെന്നും പ്രമേയം ആവശ്യപ്പെട്ടു. എസ്.എസ്.എഫ് കോഴിക്കോട് ജില്ലാ കമ്മിറ്റി മുക്കത്ത് സംഘടിപ്പിച്ച അനലൈസ ക്യാമ്പിലാണ് പ്രമേയം പാസ്സാക്കിയത്. ജില്ലാ സെക്രട്ടറി ഫാഇസ് എം.എം പറമ്പ് പ്രമേയം അവതരിപ്പിച്ചു. ജില്ലാ പ്രസിഡന്റ് മുഹമ്മദ് റാഫി അഹ്സനി കാന്തപുരം അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി സയ്യിദ് ആശിഖ് കോയ കൊല്ലം ഉദ്ഘാടനം ചെയ്തു. സംസ്ഥാന നേതാക്കളായ സക്കരിയ്യ ചെറുമുക്ക്, പി.കെ.എം ശാഫി സഖാഫി എന്നിവർ അനലൈസ നടപടികൾ നിയന്ത്രിച്ചു. വിവിധ റിപ്പോർട്ടുകളുടെ അവതരണം, ചർച്ചകൾ, പുതിയ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും കരട് ആവിഷ്കരണം എന്നിവ നടന്നു. അഫ്സൽ ഹുസൈൻ പറമ്പത്ത്, ഷാദിൽ നൂറാനി ചെറുവാടി സംസാരിച്ചു.

# സമ്പൂർണ ഡിജിറ്റലൈസേഷനിലൂടെ റവന്യൂ സേവനങ്ങൾ കൂടുതൽ സുതാര്യമാകും: മന്ത്രി കെ.എൻ ബാലഗോപാൽ

കൊല്ലം: സമ്പൂർണ ഡിജിറ്റലൈസേഷൻ പദ്ധതിയിലൂടെ റവന്യൂ വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ സുതാര്യമാകുമെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ. ആധുനികവൽക്കരിക്കുന്ന വാളകം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ ശിലാസ്ഥാപന കർമം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭൂരേഖ സംബന്ധിച്ചുള്ള സങ്കീർണതകൾ ഒഴിവാക്കാൻ സമ്പൂർണ ഡിജിറ്റലൈസേഷനിലൂടെ സാധിക്കും. വില്ലേജ് ഓഫിസുകൾ സ്മാർട്ട് ആവുന്നതിലൂടെ സേവനങ്ങളും സ്മാർട്ട് ആവുകയാണ്. ആധാരം എഴുതുമ്പോൾ തന്നെ പോക്കുവരവ് ചെയ്ത് വസ്തുവിന്റെ പ്ലാൻ ലഭ്യമാക്കുന്ന രീതിയിലുള്ള സംവിധാനം ഒരുക്കും. എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയാണ് സംസ്ഥാനത്തെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ സജ്ജീകരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 50 ലക്ഷം രൂപ ചെലവഴിച്ചാണ് ഹൈടെക് കെട്ടിടം നിർമിക്കുക. ഭിന്നശേഷി സൗഹൃദ സ്മാർട്ട് വില്ലേജ് ഓഫിസിന്റെ നിർമാണ ചുമതല പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനാണ്. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ക്യാബിനുകൾ, രേഖകൾ സൂക്ഷിക്കാൻ പ്രത്യേക സംവിധാനങ്ങൾ, കമ്പ്യൂട്ടർ, സെർവർ സംവിധാനങ്ങൾ, കുടിവെള്ള സൗകര്യം, ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്കുള്ള വിശ്രമ കേന്ദ്രം തുടങ്ങിയ സൗകര്യങ്ങളോടു കൂടിയാണ് വില്ലേജ് ഓഫീസ് ഒരുക്കുന്നത്. ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അമ്പിളി ശിവൻ അധ്യക്ഷത വഹിച്ചു. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ഹർഷകുമാർ, ജില്ലാ പഞ്ചായത്തംഗം ബ്രിജേഷ് എബ്രഹാം, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.വി അലക്സാണ്ടർ, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.എം റെജി, പഞ്ചായത്ത് അംഗങ്ങളായ അനീഷ് മംഗലത്ത്, കെ.അജിത, പുനലൂർ ആർ.ഡി.ഒ ബി.ശശികുമാർ, തഹസീൽദാർ പി. ശുഭൻ, ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.



ആധുനികവൽക്കരിക്കുന്ന വാളകം സ്മാർട്ട് വില്ലേജ് ഓഫീസിന്റെ ശിലാസ്ഥാപന കർമം മന്ത്രി കെ.എൻ ബാലഗോപാൽ നിർവഹിക്കുന്നു

# ജേർണലിസ്റ്റ് വോളി: ജഴ്സി പ്രകാശനം ചെയ്തു

കോഴിക്കോട്: കണ്ണൂരിൽ നടക്കുന്ന ജേർണലിസ്റ്റ് വോളി ലീഗിനുള്ള കാലിക്കറ്റ് പ്രസ് ക്ലബ് ടീമിന്റെ ജഴ്സി മേയർ ഡോ. ബീന ഫിലിപ്പ് പ്രകാശനം ചെയ്തു. ടൂർണമെന്റിൽ ചാമ്പ്യന്മാരാകാൻ കാലിക്കറ്റിനാകട്ടെയെന്ന് മേയർ ആശംസിച്ചു. കാലിക്കറ്റ് പ്രസ്ക്ലബ് പ്രസിഡന്റ് എം. ഫിറോസ് ഖാൻ അധ്യക്ഷത വഹിച്ചു. സ്പോൺസർമാരായ ബീക്കൺ സ്പോർട്സ് ഡയരക്ടർമാരായ എം.പി.എസ് സജീർ, ജംഷിദ്, പ്രസ്ക്ലബ് സെക്രട്ടറി പി.എസ് രാകേഷ്, ട്രഷറർ പി.വി നജീബ്, ടീം ക്യാപ്റ്റൻ ആദർശ് ലാൽ എന്നിവർ സംസാരിച്ചു.



കണ്ണൂരിൽ നടക്കുന്ന ജേർണലിസ്റ്റ് വോളി ലീഗിനുള്ള കാലിക്കറ്റ് പ്രസ് ക്ലബ് ടീമിന്റെ ജഴ്സി മേയർ ബീന ഫിലിപ്പ് പ്രകാശനം ചെയ്തപ്പോൾ

# എക്സ്റ്റസി എക്സ്പോ നാളെ മുതൽ

കോഴിക്കോട്: വിസ്മയങ്ങളുടെ ലോകം തീർത്ത് എക്സ്റ്റസി എക്സ്പോ നാളെ വൈകീട്ട് അഞ്ച് മണി മുതൽ ബീച്ച് പാലസ് ഗ്രൗണ്ടിൽ (തോപ്പയിൽ, ഭട്ട്റോഡ്) ആരംഭിക്കും. പ്രശസ്ത സിനിമാ താരം ഹണി റോസ് ഉദ്ഘാടനം ചെയ്യുമെന്ന് പകൽ പ്രൊഡക്ഷൻസ് ഡയരക്ടർ ആർച്ച ഉണ്ണി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രാജ്യത്തെ ആദ്യത്തെ ചലിക്കുന്ന സിലണ്ടറിക്കൽ ടാങ്ക് അക്വാറിയം എക്സപോയിൽ ഒരുക്കിയിട്ടുണ്ട്.35,000 സ്ക്വയർ ഫീറ്റിൽ അണിയിച്ചൊരുക്കുന്ന ആർട്ട് ഫെസ്റ്റിനോടൊപ്പം ഇന്റർനാഷണൽ ഇംപോർട്ടഡ് ആർട്ട് ഫ്ളവേഴ്സ് ഉൾപ്പെടുത്തി ഫ്ളവർ ഫെസ്റ്റും വ്യത്യസ്തയിനം ജീവജാലങ്ങളെ ഉൾപ്പെടുത്തിയുള്ള 'അനിമൽസ് കേജ്' കുട്ടികൾക്ക് കൗതുകവും അത്ഭുതവും ഉണർത്തുന്ന ഡെയർ ഹൗസ് എക്സ്റ്റസി യുടെ പ്രത്യേകതയാണ്. വർണാഭമായ എക്സ്പോ ഫാമിലി ഷോപ്പിങ്, ഫാമിലി ഫൺ ഗെയിംസ്, രുചി വൈവിധ്യമാർന്ന ഫുഡ് കോർട്ട് എന്നിവയും അണിയിച്ചൊരുക്കിയിട്ടുണ്ട്.

അത്യന്താധുനിക സാങ്കേതിക വിദ്യയുടെ അകമ്പടിയോടെയാണ് എക്സ്റ്റസി എക്സ്പോ ജനങ്ങളിലേക്കെത്തുന്നത്. നാളെ മുതൽ ജൂൺ 25 വരെയാണ് പ്രദർശനം. പ്രവൃത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് മൂന്ന് മുതൽ രാത്രി 10 വരെയും അവധി ദിവസങ്ങളിൽ രാവിലെ 11 മുതൽ രാത്രി 10 വരെയും ആണ് പ്രദർശന സമയം. മുതിർന്നവർക്ക് 150 രൂപ, കുട്ടികൾക്ക് 100 രൂപയാണ് ടിക്കറ്റ് നിരക്ക്. നാളെ ഉദ്ഘാടനത്തോടനുബന്ധിച്ച് കോഴിക്കോട് ആരവം കലസമിതി വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ അവതരിപ്പിക്കുന്ന ഫ്യൂഷൻ ചെണ്ടമേള അരങ്ങേറും.അറേബ്യൻ ബുക്ക് ഓഫ് വേൾഡ് റെക്കോർഡ് അവാർഡ് ലഭിച്ച ലോകത്തിലെ ആദ്യത്തെ ചലിക്കുന്ന അണ്ടർ വാട്ടർ തണൽ അക്വാറിയം എന്ന പ്രോജക്ടിന്റെ കാരണക്കാരിൽ ഒരാളായ രാജ്യത്തെ ആദ്യത്തെ വനിതാ എക്സിബിഷൻ സ്പെഷ്യലിസ്റ്റ് ആയ ആർച്ച ഉണ്ണിയുടെ പുതിയ സംരഭമായ പകൽ പ്രൊഡക്ഷൻസിന്റെ ബാനറിൽ തുടങ്ങുന്ന ആദ്യത്തെ പ്രോജക്ടാണ് എക്സ്റ്റസി എക്സ്പോ. 'പാരഡൈസ് ഓഫ് തേർഡ് വണ്ടേഴ്സ് ലൈവ് 'കൂടുതൽ വിവരങ്ങൾക്ക്: 7399888777 നമ്പറിൽ ബന്ധപ്പെടുക.

## മാങ്കുളം ജി.കെ. നമ്പൂതിരി കലാരത്ന അവാർഡ് ഏറ്റുവാങ്ങി

തൃശ്ശൂർ: ഭാരതീയ ദളിത് സാഹിത്യ അക്കാദമിയുടെ മലയാള മാധുരി സംഗീതാത്മക കവിത, ശിൽപ്പശാലയെ അടിസ്ഥാനമാക്കി ഡോ. അംബേദ്ക്കർ കലാരത്ന അവാർഡും പ്രശസ്തിപത്രവും കേരള സാഹിത്യ അക്കാദമിയിൽ സംഘടിപ്പിച്ച സംസ്ഥാന സമ്മേളനത്തിൽവച്ച് വിവിദ് കേരള ചെയർമാൻ കരീം പന്നിത്തടത്തിൽ നിന്നും മാങ്കുളം ജി.കെ നമ്പൂതിരി ഏറ്റുവാങ്ങി. ഭാരതീയ ദളിത് സാഹിത്യ അക്കാദമി സംസ്ഥാന പ്രസിഡന്റ് തോട്ടപ്പള്ളി ബാലകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് അംഗം വി.എസ് പ്രിൻസ്, സിനിമ സംവിധായകൻ പി.കെ.ബാബുരാജ്, എന്നിവർ സന്നിഹിതരായിരുന്നു.



മാഹി ഗവ.മിഡിൽ സ്കൂൾ

# പരാധീനതകൾക്കിടയിൽ മാഹി ഗവ. മിഡിൽ സ്കൂൾ

മാഹി: സ്കൂൾ തുറക്കാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ, മാഹി ഗവ.മിഡിൽ സ്കൂൾ (അനെക്സ് സ്കൂൾ) പരാധീനതകൾ കാരണം പൊറുതി മുട്ടുന്നു. ആദ്യ കാഴ്ചയിൽ തന്നെ സ്കൂൾ നേരിടുന്ന പ്രതിസന്ധി മനസ്സിലാകും. സ്കൂൾ ചുമരുകളിൽ പെയിന്റ് ചെയ്തിട്ട് വർഷങ്ങളായി. മഴ ശക്തമായി പെയ്താൽ കെട്ടിടം ചോർന്നൊലിക്കും. കൊവിഡ് കാലത്ത് ആശുപത്രിയായി പ്രവർത്തിച്ചത് ഈ സ്കൂൾ കെട്ടിടത്തിലാണ്. അതിന്റെ അവശിഷ്ടങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ ഇപ്പോഴുമുണ്ട്. രണ്ട് പ്ലാസ്റ്റിക് ശുചിമുറികൾ സ്കൂൾ ഗ്രൗണ്ടിലാണ് കിടക്കുന്നത്.

പലതവണ അധ്യാപകരും രക്ഷിതാക്കളും അധികൃതരെ നേരിട്ടും രേഖാമൂലവും അറിയിച്ചിട്ടും, ശുചിമുറികൾ മാറ്റാനോ മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകാനോ ഉത്തരവാദിത്വപ്പെട്ടവർ തയ്യാറാകുന്നില്ല. കുട്ടികൾ ഭക്ഷണം കഴിക്കുന്ന ഡൈനിങ് ഹാളിന്റെ നില പരിതാപകരമാണ്. കുട്ടികൾ നിന്ന് ഭക്ഷണം കഴിക്കേണ്ടി വരുന്നു. മാത്രമല്ല, ഹാൾ വൃത്തിഹീനവുമാണ്. ആവശ്യത്തിന് ലൈറ്റുകളോ ഫാനോ ഇല്ല.

350 ഓളം കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണിത്. അഗ്നി രക്ഷാ സംവിധാനം തകരാറിലായിട്ട് മാസങ്ങളായി. കഴിഞ്ഞ അധ്യയന വർഷം മഴക്കാലത്ത് സ്കൂളിൽ വൈദ്യുതി ഷോർട്ട് സർക്യൂട്ട് കാരണം ദിവസങ്ങളോളം സ്കൂളിന് അവധി കൊടുത്ത സ്ഥിതിയുമുണ്ടായിട്ടുണ്ട്. നിലത്തും ചുമരിലും ഷോക്കേറ്റ സ്ഥിതിയുമുണ്ട്.

സ്കൂളിലെ വൈദ്യുതി വിതരണ സംവിധാനത്തിലെ പോരായ്മ കാരണം തീപ്പിടിക്കുകയും മെയിൻ സ്വിച്ച് ഉൾപ്പെടെ കത്തിയിട്ടും, അവ റിപ്പയർ ചെയ്യാനോ മാറ്റി സ്ഥാപിക്കാനോ ചെയ്യാത്ത അധികൃതരുടെ നടപടിയിൽ പ്രതിഷേധം ശക്തമാണ്. വൈദ്യുതി വകുപ്പിനെ ബന്ധപ്പെട്ടപ്പോൾ പി.ഡബ്ല്യു.ഡിയാണ് ചെയ്യേണ്ടതെന്നാണ് പി.ടി.എ ഭാരവാഹികളോട് പറഞ്ഞത്.


അഗ്നി രക്ഷാ സംവിധാനത്തിന്റെ കത്തിപ്പോയ മോട്ടോർ പുന:സ്ഥാപിക്കാത്ത അധികൃതരുടെ നടപടി പ്രതിഷേധാർഹമാണ്. കെട്ടിടത്തിന്റെ മുകൾ നിലയിൽ പഴയ ഫർണിച്ചറിന്റെ അവശിഷ്ടങ്ങളും പഴകിയ ഇലക്ട്രിക്ക് ഉപകരണങ്ങളും കുന്ന് കൂട്ടിയിരിക്കുകയാണ്. ശുചിമുറികളുടെ അവസ്ഥയും ശോചനീയമാണ്. സ്കൂൾ പരിസരം വൃത്തിയാക്കാൻ ആരുടെ ഭാഗത്തു നിന്നും ഒരു നടപടിയും ഉണ്ടാവുന്നില്ല.

ക്ലാസ് മുറികളിൽ ആവശ്യത്തിന് ലൈറ്റോ, ഫാനോ ഇല്ല. ഇരിക്കാനുള്ള ബെഞ്ചും ഡെസ്കിന്റെയും അവസ്ഥയും വ്യത്യസ്തമല്ല. കഴിഞ്ഞ അധ്യയന വർഷം തകർന്ന ബെഞ്ചും ഡെസ്കും റിപ്പയർ ചെയ്താണ് അധ്യയനം നടത്തിയത്. 350 ഓളം വിദ്യാർഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഒരു പുരുഷ കായികാധ്യാപകനും മറ്റുള്ളവർ മുഴുവൻ വനിതാ ടീച്ചർമാരാണുള്ളത്. മാഹി അഡ്മിനിസ്ട്രേറ്റർ ഓഫിസിനും സി.ഇ.ഒ ഓഫിസിനും വളരെ അടുത്തുള്ള ഈ വിദ്യാലയം അധികൃതരുടെ അവഗണനയിൽ മുരടിക്കുകയാണ്. സി.ബി.എസ്.ഇ സംവിധാനത്തിലേക്ക് മാഹിയിലെ വിദ്യാലയങ്ങൾ കടക്കുമ്പോൾ മാഹിയിലെ ഈ സർക്കാർ വിദ്യാലയത്തിന് പറയാൻ പരാധീനതകൾ മാത്രം.

### യൂണിഫോം ഇതുവരെ കിട്ടിയിട്ടില്ല

കഴിഞ്ഞ അധ്യയന വർഷം വിതരണം ചെയ്യേണ്ടിയിരുന്ന വിദ്യാർഥികളുടെ യൂണിഫോം ഒരു വർഷം കഴിഞ്ഞിട്ടും വിതരണം ചെയ്തിട്ടില്ല. തീരദേശങ്ങളിൽ നിന്നുൾപ്പെടെ തൊഴിലാളികളുടെ കുടുംബങ്ങളിലെ വിദ്യാർഥികളാണ് ഇവിടെ പഠിക്കുന്നവരിൽ ബഹുഭൂരിപക്ഷവും. പുതിയ അധ്യയന വർഷാരംഭത്തിൽ യൂണിഫോം കിട്ടുമെന്ന പ്രതീക്ഷയും ഇപ്പോൾ രക്ഷിതാക്കൾക്കില്ല. യൂണിഫോം വിതരണം ചെയ്യാൻ അധികൃതർക്കുമില്ല താൽപ്പര്യം


പൊതുവിദ്യാഭ്യാസ വകുപ്പ്
കേരള സർക്കാർ



97 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം

12 സ്കൂൾ കെട്ടിടങ്ങളുടെ തറക്കല്ലിടൽ

3 ടിങ്കറിംങ് ലാബ് ഉദ്ഘാടനം

2023 മെയ് 23, രാവിലെ 11:30 ന്
ജി.എച്ച്.എസ്.എസ്. മുഴപ്പിലങ്ങാട്, കണ്ണൂർ

പിണറായി വിജയൻ
മുഖ്യമന്ത്രി

അധ്യക്ഷൻ
വി. ശിവൻകുട്ടി
പൊതുവിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി



ഉദ്ഘാടനസജ്ജമായ സ്കൂളുകൾ

കിഫ്ബി 5 കോടി

തൃശ്ശൂർ GMBHSS തൃശ്ശൂർ

കിഫ്ബി 3 കോടി ധനസഹായം

തിരുവനന്തപുരം ഡയറ്റ് സ്കൂൾ ആറ്റിങ്ങൽ പത്തനംതിട്ട GHSS എഴുമറ്റൂർ • GHS കലഞ്ഞൂർ • GHS കിഴക്കുപുറം തൃശ്ശൂർ GHSS തിരുവില്ല്വാമല പാലക്കാട് GVHSS കാരാക്കുറിശ്ശി (ഒന്നാം ഘട്ടം) • GHSS കൊടുവായൂർ • GVHSS മലമ്പുഴ • GOHSS എടത്തനാട്ടുകര മലപ്പുറം GHSS എടക്കര കോഴിക്കോട് GVHSS ചെറുവണ്ണൂർ കണ്ണൂർ GHSS കണ്ണാടിപ്പറമ്പ്

കിഫ്ബി 1 കോടി ധനസഹായം

തിരുവനന്തപുരം ഗവ. തമിഴ് HSS ചാല ഇടുക്കി GHSS മറയൂർ • GHSS നെടുങ്കണ്ടം എറണാകുളം GHSS എടത്തല തൃശ്ശൂർ GHSS അഞ്ചേരി • GHSS മേലഡൂർ • GVHSS ഫോർ ബോയ്സ് കുന്ദംകുളം • GMHSS ഫോർ ഗേൾസ് കുന്ദംകുളം • GMBHSS ഇരിങ്ങാലക്കുട • GHSS ചാവക്കാട് പാലക്കാട് GUPS പുത്തൂർ • GUPS തത്തമംഗലം • GHS നന്ദിയോട് • GUPS നല്ലേപ്പിള്ളി • BGHSS വണ്ണാമട • GHSS ഷൊർണ്ണൂർ • GHSS തേങ്കുറിശ്ശി മലപ്പുറം GMUPS മുണ്ടമ്പ്ര • GMUPS അരീക്കോട് • GUPS മുണ്ടോത്ത് പറമ്പ് • GHS കൊളപ്പുറം • GUPS പാങ്ങ് • GHS മുണ്ടേരി • GUPS കുറുമ്പലങ്ങോട് • IGMMRHSS നിലമ്പൂർ • GUPS കാളികാവ് ബസാർ • GUPS വളപുരം • GHSS അഴിയൂർ കോഴിക്കോട് ഗവ. സംസ്കൃത. HSS വടകര വയനാട് GHS വാരാമ്പറ്റ • GHS പേര്യ • GHSS തൃശ്ശിലേരി • GHSS ആറാട്ടുതറ • GVHSS വാകേരി • GHSS പെരിക്കല്ലൂർ • GUPS കണിയാമ്പറ്റ • GVHSS വെള്ളാർമല കണ്ണൂർ GVHSS കാർത്തികപുരം കാസർഗോഡ് GUPS അട്ക്കത്തുബയൽ • GVHSS ഷിറിയ • GVHSS കുഞ്ചത്തൂർ • GHSS കടമ്പാർ • GHSS മംഗൽപാടി • GHSS രാവണേശ്വരം • GHS അമ്പലത്തറ • GHSS ചന്ദ്രഗിരി • GFHSS ബേക്കൽ • GHSS ബാരെ

പ്ലാൻ ഫണ്ട്/നബാർഡ്/എസ്.എസ്.കെ. ഫണ്ട്/മറ്റു ഫണ്ടുകൾ

കൊല്ലം ASHSS പുത്തൻതുറ ആലപ്പുഴ GLPS അറുന്നൂറ്റിമംഗലം പത്തനംതിട്ട GLPS വെട്ടിപ്രം • GSMSUPS ചന്ദനക്കുന്ന് ഇലവുംതിട്ട എറണാകുളം GLPS മാമ്പ്ര • GLPS മള്ളുശ്ശേരി • GHS തത്തപ്പിള്ളിയിൽ • GLPS കോട്ടപ്പടി സൗത്ത് പാലക്കാട് GUPS അകത്തേത്തറ • SMHSS തത്തമംഗലം • GLPS പന്നിയങ്കര മലപ്പുറം GUPS നിറമരുതൂർ • GLPS പരിയാപുരം • GHS പെരകമണ്ണ • GHS പന്നിപ്പാറ • GLPS എടക്കാപ്പറമ്പ് • GUPS ചോലക്കുണ്ട് • GHSS പാലപ്പെട്ടി • GHSS മാറഞ്ചേരി • GHSS വെളിയംകോട് • GMLPS പഴഞ്ഞി വെളിയംകോട് • GLPS പെരുമ്പറമ്പ് മൂടാൽ • GLPS മേൽമുറി • GUPS പൈങ്കണ്ണൂർ • GLPS എളമരം • GLPS കൊയപ്പ • GUPS വെള്ളാഞ്ചേരി • GHS കാപ്പിൽകാരാട് • GHS കാപ്പ് വയനാട് GLPS പൂമല • GUPS കാരച്ചാൽ • കണ്ണൂർ GHSS ആറളംഫാം • GUPS വയക്കര • GHSS മുഴപ്പിലങ്ങാട് • GHSS പാലയാട് • GLPS നരിക്കോട് മല

ടിങ്കറിംങ് ലാബ്

ഇടുക്കി APJGHSS തൊടുപുഴ • GVHSS മൂന്നാർ • GVHSS കുമിളി

തറക്കല്ലിടൽ

തിരുവനന്തപുരം GMBHSS തൈക്കാട് • GHSS അയിരൂർപ്പാറ • GUPS കണിയാപുരം • GVHSS ആര്യനാട് • GHSS പകൽക്കുറി കൊല്ലം GHSS കുഴിമതിക്കാട് ആലപ്പുഴ SCUGVHSS പട്ടണക്കാട് • GHSS കുന്നം പാലക്കാട് GHSS ആനക്കര കോഴിക്കോട് GHSS പെരിങ്ങളം • GHSS ഈസ്റ്റ്ഹിൽ കാസർഗോഡ് GWUPS കൊടക്കാട്

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ


RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.